നഗരത്തിലെ കുട്ടികളുടെ ഏക കലാപഠന സ്കൂളായ ജവഹർ ബാലഭവനും സ്ഥലവും ഗവൺമെന്റ് ഉടമയിൽ നിലനിർത്തണമെന്നും ലയൺസ് ക്ലബ്ബ് അടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് പതിച്ചുകൊടുക്കരുതെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്, അത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗവൺമെന്റ് അതുസംബന്ധിച്ച് എല്ലാവശവും പരിശോധിച്ച് താമസംവിനാ ഉത്തരവ് പുറപ്പെടുവിക്കും.

(3) പാലങ്ങളുടെ നിർമ്മാണത്തിന് നബാർഡ് ധനസഹായം

ശ്രീ. കെ. മുഹമ്മദാലി: സർ, ആലുവ നിയോജകമണ്ഡലത്തിലെ എടമുളക്കടവ്, കുഞ്ഞിണ്ണിക്കര ഉൾപ്പെടെയുള്ള പാലങ്ങളുടെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തിനുവേണ്ടി നൽകിയിട്ടുള്ള അനുമതി ലഭിക്കുന്നതിലെ കാലതാമസംമൂലം ഇന്ന് വളരെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. നബാർഡിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പുതന്നെ അടിയന്തിരമായി ഭരണാനുമതി നൽകി പാലത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ച് അനുമതി കിട്ടുന്ന മുറയ്ക്ക് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കുഞ്ഞിണ്ണിക്കര പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തിന് 575 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. അത് ഇപ്പോൾ നബാർഡിന്റെ ബോംബെയിലെ ഓഫീസിലുണ്ട്. എടമുളക്കടവ് പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷനും ഡിസൈനും തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തിന് 422 ലക്ഷം രൂപയുടെ പ്രോജക്ട് ബോംബെയിൽ എത്തിച്ചിട്ടുണ്ട്; ഉടൻതന്നെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത എടമുളക്കടവ് പാലത്തിന്റെ പണിക്ക് ആവശ്യമായ ഭൂമി മുൻകൂറായി ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പണി ധൃതഗതിയിൽ നടന്നുവരുന്നു. ഇപ്പോൾ നബാർഡിൽ നിന്ന് ധനസഹായത്തിന് പ്രത്യേകിച്ച് വിവരങ്ങൾ ലഭിക്കാത്തതുകൊണ്ട് ഈ രണ്ട് പാലങ്ങളുടെയും പണി ഉടൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് പഞ്ചായത്തിന്റെ ഓൺ ഫണ്ടിൽനിന്ന് അടയ്ക്കാൻ പാടില്ലെന്ന് 21-11-2005-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കി. വാട്ടർ അതോറിറ്റി 16-1-2003-ൽ ഇറക്കിയ ഉത്തരവിൽ പറയുന്നത് സിംഗിൾ വാട്ടർ സപ്ലൈ സ്കീം മുഴുവൻ പഞ്ചായത്ത് നടപ്പാക്കണമെന്നാണ്. ഒരുഭാഗത്ത് പഞ്ചായത്തുകൾ ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന് പറയുകയും മറുഭാഗത്ത് നടപ്പിലാക്കുന്ന പദ്ധതിക്ക് വൈദ്യുതി ചാർജ് അടയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly